18

# അതിനുണ്ടായിരുന്നതു കൊണ്ടുണ്ടാക്കിയ സഭ, 2

## (3:14-22)

സഭ പൂർണ്ണതയുള്ളതായി കണ്ടിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു എന്ന് ഞാൻ ആഗ്രഹിക്കുന്നു, നിങ്ങളോ? ദൈവത്തിന്റെ ഭാഗത്ത്, അതു തന്നെയാണ്; തെറ്റുകൂടാതെ കാണപ്പെടുവാനാണ് ദൈവം സഭയെ രൂപപ്പെടുത്തിയത്. എങ്ങനെയായാലും, മനുഷ്യരുടെ ഭാഗത്ത് നിറയെ പ്രശ്നങ്ങളാണ് - കാരണം അതു നിറച്ച് ആളുകളും, ആളുകൾ പ്രശ്നങ്ങളുള്ളവരുമാണ്. ആ വസ്തുതയെ ചിലർ ഇഷ്ടപ്പെടുകയും, സഭയുടെ അപൂർണ്ണതയെ മറച്ചുപിടിക്കുകയും ചെയ്യും. അതു ചിലരെ ആകുലരാക്കുകയും അവർ സഭ വിട്ടു പോകയും ചെയ്യും.

കർത്താവ് സഭയുടെ തെറ്റുകുറ്റങ്ങൾ എപ്പോഴും ശരിയാക്കിയിട്ടുണ്ട്. ഏഴു സഭകൾക്കുള്ള തന്റെ എഴുത്തുകളിൽ യേശു, തന്റെ സഭയുടെ ഇടവകയിലുള്ളവർക്ക് ദൈവത്തോടുള്ള സ്നേഹം നഷ്ടപ്പെടുവാനും (2:4), അഭക്തിയുള്ള ജീവിതം നയിക്കുവാനും (2:14, 15, 20), കാപട്യം നിറയുവാനും (3:1, 2) സാധ്യതയുണ്ട് എന്ന് വെളിപ്പെടുത്തിയിട്ടുണ്ട്.

ആ ഏഴു സഭകളും എഴുത്തുകൾ വായിക്കുന്നത്, വീട്ടുടമസ്ഥയെ അറിയിക്കാതെ അവരുടെ വീട്ടിൽ ചെല്ലുന്നതുപോലെ ആയിരുന്നു. നാം ആ വീട് എങ്ങനെ കാണണമെന്ന് ആഗ്രഹിച്ചുവോ, അതിനു വിപരീതമായി അലങ്കോലപ്പെട്ടു കിടക്കുന്നതു കാണാം: പഴയ പേപ്പറുകളും മാസികകളും അവിടവിടെ കൂടിക്കിടക്കും, കുട്ടികളുടെ കളിപ്പാട്ടങ്ങളും വസ്ത്രങ്ങളും ചിതറി കിടക്കും, പാത്രങ്ങൾ ആഹാരപദാർത്ഥങ്ങളുടെ അവശിഷ്ടങ്ങളോടെ കിടക്കും, പകുതി കുടിച്ച് ബാക്കിവെച്ച - പാനിയങ്ങളുള്ള ഗ്ലാസുകളും, മൂലയിൽ പൊടികൾ കൂടിക്കിടക്കുന്നതും കാണാം - അതാണ് ലിവിങ്ങ് റൂമിന്റെ സ്ഥിതി![1]

വിവിധ ഇടവകകളിൽ പാപം കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ലെങ്കിലും - അവരോട് മാനസാന്തരപ്പെടുവാൻ കൽപിച്ചുവെങ്കിലും - അപ്പോഴും കർത്താവ് അവരെ *സ്നേഹിക്കുന്നു* എന്ന് നാം മനസിലാക്കണം. അതിന്റെ തെളിവ് ലവൊദിക്യ സഭക്കുള്ള എഴുത്ത് തന്നെയാണ്. ആ ഇടവകയിലെ അംഗങ്ങളെ കുറിച്ച് യേശുവിന് നല്ലതായി ഒന്നും പറയുവാനുണ്ടായിരുന്നില്ല, എങ്കിലും അവൻ അവരെ സ്നേഹിച്ചിരുന്നു (3:19). അതുപോലെ നിങ്ങളും ഞാനും സഭയെ അതിന്റെ തെറ്റുകളോടുകൂടെ സ്നേഹിക്കണം. സഭയെ അതിന്റെ അപൂർണ്ണതയോടുകൂടെ നാം സ്നേഹിപ്പാൻ ശീലിക്കുന്നില്ലെങ്കിൽ, നാം അതിനെ ഒരിക്കലും സ്നേഹിക്കയില്ല - കാരണം അതിന് എപ്പോഴും കുറവുകളുണ്ടായിരുന്നു, എന്നും പോരായ്മകളുണ്ടാകയും ചെയ്യും.

## ഒരു പുനരവലോകനം (3:14-17)

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, നാം ലവൊദിക്യക്കുള്ള എഴുത്തിനെ കുറിച്ചാണ് പഠിച്ച് തുടങ്ങിയത്. ആ പട്ടണത്തിലെ പൗരന്മാരെ കുറിച്ചുള്ള മൂന്നു വിവരണങ്ങളോടെയാണ് നാം തുടങ്ങിയത്: (1) *സമ്പന്നമായ*: ഒരുപക്ഷെ ആസ്യയിലെ ഏറ്റവും സമ്പന്നമായ പട്ടണമായിരുന്നേക്കാം ലവൊദിക്യ. (2) *ആരോഗ്യമുള്ള*: പട്ടണത്തിനടുത്തുള്ള മെഡിക്കൽ സെന്ററിൽ പ്രസിദ്ധമായ കണ്ണുലേപനം ഉൽപാദിപ്പിച്ചിരുന്നു. (3) *നല്ല-വസ്ത്രധാരിണി:* ലവൊദിക്യയിൽ കറുത്ത-കമ്പിളി ഉപയോഗിച്ചുള്ള പ്രത്യേക മിനുസമുള്ള വസ്ത്രങ്ങൾ നെയ്തുണ്ടാക്കിയിരുന്നു. (ഈ പുസ്തകത്തിലുള്ള ചാർട്ട് നോക്കുക.) "ഞങ്ങൾ സ്വയം-പര്യാപ്തരാണ്, ഞങ്ങൾക്ക് ഒരു മുട്ടുമില്ല!" എന്നതായിരുന്നു പൗരന്മാരുടെ മനോഭാവം.

യേശു തന്നെ വിശേഷിപ്പിച്ചത്, "ആമേൻ, വിശ്വസ്തനും, സത്യവാനുമായ സാക്ഷി" എന്നായിരുന്നുവെന്ന് നാം കണ്ടു (വാ. 14). അവരെ യഥാർത്ഥത്തിൽ കാണുവാൻ കഴിയുന്നവൻ, ശരിയായി വിലയിരുത്തുവാൻ യോഗ്യനുമാണ്. ലവൊദിക്യയിലെ ക്രിസ്ത്യാനികളെ കുറിച്ചുള്ള അവന്റെ വിലയിരുത്തൽ എന്തായിരുന്നു? അവർ "ശീതവാന്മാരുമല്ല," "ഉഷ്ണവാന്മാരുമല്ല," പിന്നെയോ "ശീതോഷ്ണവാന്മാരായിരുന്നു" എന്നാണ് യേശു പറഞ്ഞത് (വാ. 15, 16), അവന്റെ വയറ്റിൽ കുഴപ്പം സൃഷ്ടിച്ച അവസ്ഥയായിരുന്നു അത്! അവർ "ശീതോഷ്ണവാന്മാരാകാതെ" ഒന്നുകിൽ "ശീതവാന്മാരോ" (എല്ലാം പുറത്താകുക) അല്ലെങ്കിൽ "ഉഷ്ണവാന്മാരോ" (എല്ലാം അകത്താകുക) ആയെങ്കിൽ കൊള്ളാമായിരുന്നു എന്നാണ് കർത്താവ് പറഞ്ഞത് (വാ. 15).

ഒരിക്കൽ രണ്ട് കുട്ടികൾ ഒരു ചെറിയ വണ്ടി തള്ളിക്കളിച്ചുകൊണ്ടിരുന്നു. ഒരാൾ വണ്ടിക്കകത്തിരിക്കുമ്പോൾ മറ്റെ കുട്ടി വണ്ടി തള്ളും, പക്ഷെ വണ്ടിക്കകത്തുള്ള കുട്ടിയുടെ കാൽ പുറത്തിട്ട് തറയിൽ ഇഴഞ്ഞുകൊണ്ടിരിക്കുകയും മറ്റെ കുട്ടി തള്ളുകയും ചെയ്യണം. അവസാനം, വണ്ടി തള്ളിക്കൊണ്ടിരുന്ന കുട്ടി അകത്തുള്ളവനോട് പറഞ്ഞു, ഒന്നുകിൽ പുറത്തിറങ്ങുക, അല്ലെങ്കിൽ നിന്റെ കാൽ[2] അകത്തിടുക - കാരണം ഞാൻ തള്ളി ക്ഷീണിച്ചിരിക്കുന്നു!" എന്നു പറഞ്ഞു.

ശീതോഷ്ണവാന്മാരാകാതെ ഒന്നുകിൽ ലവൊദിക്യക്കാർ ശീതവാന്മാരാകണം അല്ലെങ്കിൽ ഉഷ്ണവാന്മാരാകണമെന്നാണ് യേശു ആഗ്രഹിച്ചതെന്ന് പറയപ്പെടുന്നു. (1) ശീതവാന്മാർ, കൂടുതൽ ആത്മാർത്ഥതയുള്ളവരാകും, (2) ശീതോഷ്ണവാനെ ആരെങ്കിലും മാറ്റുവാൻ ശ്രമിക്കുന്നതിനേക്കാൾ എളുപ്പമാണ് ശീതവാനെ മാറ്റുവാൻ ശ്രമിക്കുന്നത്; (3) ശീതോഷ്ണവാന്മാർ സഭയെ ഉപദ്രവിക്കുന്നതുപോലെ ശീതവാന്മാർ ഉപദ്രവിക്കുകയില്ല.

പട്ടണത്തിന്റെ മനോഭാവം സഭയിലെ അംഗങ്ങൾ ഉൾക്കൊണ്ടിരുന്നതായി പിന്നെ നാം കണ്ടു. വാക്യം 17-ൽ, "നീ പറയുന്നു, 'ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു, എനിക്ക് ഒന്നിനും മുട്ടില്ല.' " ഉദാസീനത ഒരു ഗുണമായിട്ടാണ് അവർ കണക്കാക്കിയത്! മനുഷ്യർ തങ്ങളുടെ അദ്ധ്വാനത്താൽ ക്ഷീണിതരാകും, അതു കാണുമ്പോൾ മറ്റുള്ളവർ പ്രശംസിക്കും. കായികമൽസരാർത്ഥികൾ മൽസരിക്കുന്നതു കാണുന്നവർ പലരും ആവേശം കൊള്ളും, അവരെ "ഫാൻസ്" എന്നു വിളിക്കും, പക്ഷെ മതപരമായി ആവേശം കൊള്ളുന്നവരോട് തണുത്ത രീതിയിലായിരിക്കും പ്രതികരിക്കുക.

സഭയിലെ "ട്രോജൻ ഹോഴ്സാണ്" ശീതോഷ്ണാവസ്ഥ എന്ന് ആരോ

പറഞ്ഞിട്ടുണ്ട്. ആസ്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്തിരുന്ന ട്രോയ് നഗരത്തെ, ഗ്രേക്കോ-ട്രോജൻ യുദ്ധത്തിൽ[3] ഗ്രീക്കുകാർ ഉപരോധിക്കയുണ്ടായി, അതിൽ നിന്നാണ്, “ട്രോജൻ ഹോഴ്സ്” എന്ന വാക്ക് ലഭിക്കുന്നത്. പോരാട്ടം സ്തംഭനാവസ്ഥയിലെത്തിയപ്പോൾ, ട്രോജൻകാർക്ക് ഒരു വലിയ മരക്കുതിര ഉണ്ടാക്കി സമ്മാനമായി കൊടുക്കാമെന്ന ആശയം ഉള്ളെസീസിലുദിച്ചു.[4] ട്രോയ് രാജാവിന്റെ മകൾ കസാന്ദ്ര ആ സമ്മാനം നിഷേധിക്കണമെന്ന് അപേക്ഷിച്ചു: “ഗ്രീക്കുകാർ, സമ്മാനം കൊണ്ടുവരുന്നതു പോലും ഞാൻ ഭയപ്പെടുന്നു.” കസാന്ദ്രയുടെ അപേക്ഷ അവഗണിച്ചുകൊണ്ടു സമ്മാനം സ്വീകരിക്കുകയും, അത് തള്ളി മതിലുകൾക്കുള്ളിലാക്കുകയും ചെയ്തു. ആ രാത്രിയിൽ കുതിരക്കകത്തുണ്ടായിരുന്ന ഗ്രീക്ക് പടയാളികൾ പുറത്തിറങ്ങി പട്ടണവാതിൽ തുറന്നുകൊടുക്കുകയും ഗ്രീക്ക് പടയാളികൾ നിഷ്പ്രയാസം പട്ടണത്തിനകത്തു കടന്നു ട്രോജൻകാരെ തോൽപിക്കുകയും പട്ടണം നശിപ്പിക്കുകയും ചെയ്തു.

നമ്മുടെ മദ്ധ്യത്തിൽ അത് നാം സഹിക്കുന്നതുകൊണ്ടാണ് ശീതോഷ്ണാവസ്ഥയെ “ട്രോജൻ ഹോഴ്സ്” എന്നു വിളിക്കുന്നത്. സ്നേഹിതനാണെന്ന് നടിക്കുകയും കർത്താവിന്റെ നാമത്തെ എതിർക്കാതിരിക്കയും ചെയ്യുന്നതു കൊണ്ട് പുറമെ അപകടകാരി എന്നു തോന്നുകയില്ല. എങ്ങനെയായാലും, ശീതോഷ്ണാവസ്ഥക്കുള്ള കുഴപ്പമെന്തെന്നാൽ, വാതിൽ ഏതുസമയത്തും തുറന്നു സാത്താന്റെ സൈന്യം അകത്തു കടക്കാം എന്ന് നാം അറിയണം. സഭയെ നശിപ്പിക്കുന്നതാകും അതിന്റെ ഫലം. അത് യേശുവിനെ വേദനിപ്പിച്ചു, നമ്മെയും അത് വേദനിപ്പിക്കും! ശീതോഷ്ണാവസ്ഥ ലവൊദിക്യക്കാരെ “നിർഭാഗ്യവാനും, അരിഷ്ടനും, കുരുടനും, നഗ്നനുമാക്കി” (വാ. 17). അവരുടെ അവസ്ഥയും പരിഹാരവും കാണിക്കുന്ന താഴത്തെ ചാർട്ട് നോക്കുക.

## പ്രതിവിധി (3:18, 19)

ലവൊദിക്യാ സഭയുടെ ആത്മിയാവസ്ഥ ഗൗരവമുള്ളതായിരുന്നു, പക്ഷെ പ്രത്യാശാരഹിതമായിരുന്നില്ല. യേശു പറഞ്ഞു:

> നീ സമ്പന്നൻ ആകേണ്ടതിന്ന്, തീയിൽ ഊതിക്കഴിച്ച പൊന്നും[5] നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്ന് വെള്ളയുടുപ്പും[6] നിനക്ക് കാഴ്ച്ച ലഭിക്കേണ്ടതിന്ന് കണ്ണിൽ എഴുതുവാൻ ലേപവും[7] എന്നോട് വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധി പറയുന്നു (വാ. 18).

| പട്ടണവും സഭയും | അവസ്ഥ (വാ.17) | ചികിൽസ (വാ.18) |
|---|---|---|
| ധനവാൻ (പണമിടപാട്) | ദരിദ്രൻ | ഊതിക്കഴിച്ച പൊന്ന് |
| മെഡിക്കൽ സെന്റർ (കണ്ണവിദഗ്ധർ) | കുരുടൻ ↘ | വെള്ളയുടുപ്പ് |
| വസ്ത്രവ്യാപാരം (കറുത്ത കമ്പിളി) | നഗ്നൻ ↗ | ലേപനം |

ഭൗതികമായ സമ്പത്തിൽ അവർ ആശ്രയിക്കുന്നതിനുപകരം, കർത്താവിൽ മാത്രമുള്ള യഥാർത്ഥ ധനമായിരുന്നു അവർ അന്വേഷിക്കേണ്ടിയിരുന്നത്: അവർ ആത്മിയമായി ധനികരാകുവാൻ "തീയിൽ ഊതിക്കഴിച്ച പൊന്ന്"[8] വേണമായിരുന്നു. മലമ്പ്രസംഗത്തിൽ, യേശു പറഞ്ഞു:

> പുഴുവും തുരുമ്പും കെടുക്കയും, കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്; പുഴുവും തുരുമ്പും കെടുക്കാതെയും, കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ (മത്തായി 6:19, 20).[9]

തങ്ങളുടെ മനോഹരമായ കറുത്ത - കമ്പിളി ഉടുപ്പുകൾ മതി എന്നു തീരുമാനിക്കാതെ, യേശുവിന്റെ വായനക്കാർക്ക് അവരുടെ ആത്മിയ നഗ്നത മാറുവാനായി "വെള്ളയുടുപ്പു" ധരിക്കണമെന്ന് തീരുമാനിക്കണമായിരുന്നു. വെളിപ്പാട് പുസ്തകത്തിൽ വെള്ള (അല്ലെങ്കിൽ നിർമ്മലമായ) എന്നതിന് രണ്ട് ഊന്നലാണ് ഉള്ളത്: (1) "വെള്ളയുടുപ്പ് ധരിച്ചവർ" (7:13) "കുഞ്ഞാടിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കിയവർ" (7:14). വെള്ളയുടുപ്പ് ധരിക്കേണ്ടതിന്ന് ലവൊദിക്യയിലുള്ളവർ തങ്ങളിൽ തന്നെ ആശ്രയിക്കാതെ, യേശുവിൽ ആശ്രയിക്കേണ്ടിയിരുന്നു. (2) 19:8-ൽ "കുഞ്ഞാടിന്റെ കാന്തക്ക് ശുദ്ധവും ശുഭ്രവുമായ" "വിശേഷവസ്ത്രം ലഭിപ്പാൻ കൃപ ലഭിച്ചിരിക്കുന്നതായി"[10] പറയുന്നു. ലവൊദിക്യയിലെ ക്രിസ്ത്യാനികൾക്ക് വെള്ളയുടുപ്പ് ലഭിക്കുവാൻ അവർ ദൈവമക്കൾ ജീവിക്കുന്നതുപോലെ ജീവിക്കുവാൻ തുടങ്ങണമായിരുന്നു.

വാസ്തവത്തിലുള്ള ജീവിതം അവർ കാണേണ്ടതിന്, ഫ്രുഗ്യൻ കണ്ണുലേപനത്തിൽ ആശ്രയിക്കാതെ, സ്വർഗീയ "ലേപനം" അവർ കർത്താവിൽനിന്നു വിലെക്കു വാങ്ങേണ്ടിയിരുന്നു.[11] അവർക്ക് ലഭിക്കേണ്ട പുതിയ കാഴ്ച്ചപ്പാടിന് അവർ ദൈവവചനം കേട്ട് അനുസരിക്കേണ്ടിയിരുന്നു.

വാക്യം 18 ലെ യേശുവിന്റെ പ്രബോധനത്തിൽ "വാങ്ങുക" എന്നു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "തീയിൽ ഊതിക്കഴിച്ച പൊന്നും, ... വെള്ളയുടുപ്പും, ... ലേപനവും ... വിലെക്ക് *വാങ്ങുവാൻ* ഞാൻ നിന്നോട് ബുദ്ധി പറയുന്നു ..." (എംഫസിസ് മൈൻ). യേശു പറഞ്ഞതായ ആത്മിയ വസ്തുക്കൾ വില കൊടുത്തു വാങ്ങുവാൻ (അല്ലെങ്കിൽ നേടുവാൻ) സാധ്യമല്ല എങ്കിലും[12] അവയ്ക്ക് അപ്പോഴും ചില വിലയുണ്ട്; ഒരു വില കൊടുക്കേണ്ടതായിട്ടുണ്ട്. ലവൊദിക്യക്കാർ അവരുടെ ഉദാസീനതയും, സ്വയം-പര്യാപ്തതാ മനോഭാവവും, അഹങ്കാരവും ഉപേക്ഷിക്കണമായിരുന്നു.

പിന്നീട് യേശു പറഞ്ഞത്, അവർ തങ്ങളുടെ മനോഭാവം മാറ്റി താൽപര്യം ജ്വലിപ്പിക്കണമെന്നാണ്: "അതുകൊണ്ട്, ജാഗ്രതയുള്ളവനായിരിക്കുക,[13] മാനസാന്തരപ്പെടുക"[14] (വാ. 19)! വാക്യം 15 ലും 16 ലും "ഉഷ്ണം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്ന അതേ വാക്ക് തന്നെയാണ് "ജാഗ്രത" എന്ന വാക്കും തർജിമ ചെയ്തിരിക്കുന്നത് (3:15), എന്നാൽ തന്റെ ആളുകൾ *വാസ്തവത്തിൽ* കത്തിജ്വലിക്കണമെന്നാണ് അവൻ ആഗ്രഹിച്ചത്. ശീതോഷ്ണവാനും, ശീതവാനായ അവിശ്വാസിയും നഷ്ടപ്പെടും, എരിവുള്ള ദൈവപൈതൽ മാത്രമാണ് അനുഗ്രഹിക്കപ്പെടുക!

**കാരണം (3:19, 20)**

അവൻ അവരെ വെറുത്തിരിക്കുന്നു എന്ന് ലവൊദിക്യയിലെ ക്രിസ്ത്യാനികൾ മനസിലാക്കേണ്ടതിന് മുറിവേൽക്കുന്ന ഭാഷയാണ് യേശു ഉപയോഗിച്ചത്. അതുകൊണ്ട് അവൻ വേഗം കൂട്ടിച്ചേർത്തു, "*എനിക്ക് പ്രിയമുള്ള*വരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു"[15] (വാ. 19; എംഫസിസ് മൈൻ). ചിലർ ശാസനും ശിക്ഷയും ശത്രുത്വമനോഭാവത്തോടെ ചെയ്യും, എന്നാൽ ദൈവിക അച്ചടക്കം സ്നേഹത്തോടുകൂടിയായിരിക്കും. എബ്രായലേഖകൻ പറഞ്ഞു, "കർത്താവ് താൻ *സ്നേഹിക്കു*ന്നവനെ[16] ശിക്ഷിക്കുന്നു, താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു" (എബ്രായർ 12:6; എംഫസിസ് മൈൻ).[17] മറ്റൊരാളുടെ ആത്മാവിനെ അപകടപ്പെടുത്തുന്ന ഒരു തെറ്റു കണ്ടെത്തിയിട്ട് മിണ്ടാതിരിക്കുന്നത് സ്നേഹലക്ഷണമല്ല, സ്നേഹക്കുറവാണ്.

അവന് അവരോടുള്ള സ്നേഹപ്രകടനമായി, യേശു തിരുവെഴുത്തിലെ ഏറ്റവും ആകർഷണീയമായ ഒരാഹ്വാനം നടത്തി: "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു,[18] ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും[19] അവൻ എന്നോടും കൂടെ[20] അത്താഴം കഴിക്കും" (വാ. 20).

ആ വാക്കുകൾ ലവൊദിക്യക്കാരെ ഞെട്ടിച്ചുകാണും, കാരണം തന്നെ അവർ തങ്ങളുടെ ഹൃദയങ്ങളിൽനിന്നും ജീവിതങ്ങളിൽനിന്നും പുറത്താക്കി എന്നാണ് യേശു വെളിപ്പെടുത്തിയത്. അവർ അങ്ങനെ ചെയ്തതായി ഒരുപക്ഷെ അറിഞ്ഞിരിക്കയില്ല. ഇത് നമ്മിൽ ആർക്കും സംഭവിക്കാം പ്രത്യേകിച്ച് കർത്താവിനോടുള്ള നമ്മുടെ സമർപ്പണത്തിൽ അലംഭാവം നേരിട്ടാൽ.

അതേ സമയം, യേശുവിന്റെ വാക്കുകൾ ലവൊദിക്യരെ പ്രോൽസാഹിപ്പിച്ചുകാണും, കാരണം അവൻ വീണ്ടും അവരോട് ബന്ധപ്പെടുവാനാഗ്രഹിക്കുന്നതായി പറഞ്ഞിരിക്കുന്നു. അക്കാലങ്ങളിൽ (ഇന്നും പൊതുവിൽ അത് ശരിയാണ്), ഒരാൾ മറ്റൊരാളുമായി ഭക്ഷണം കഴിക്കുന്നതിന് അയാളുമായി കൂട്ടായ്മയിലായിരിക്കണം.[21] കൂട്ടായ്മ പുതുക്കാമെ*ന്നാണ്* യേശുവിന്റെ എഴുത്ത് സൂചിപ്പിച്ചത് – അത് ക്രിസ്ത്യാനികൾ അവങ്കലേക്കും അവന്റെ വഴിയിലേക്കും തിരിച്ചു വരിക*യാണെങ്കിൽ*.

യേശു ആഗ്രഹിക്കുന്നതുപോലെ സംഭവിക്കുവാൻ, അവൻ ആരുടേയും ജീവിതത്തിൽ നിർബ്ബന്ധം ചെലുത്തുകയില്ല; അവൻ ആരുടേയും ഹൃദയവാതിൽ തകർക്കുകയില്ല. മറിച്ച്, അവൻ വാതിൽക്കൽ അവരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അനുവാദത്തിനായി ക്ഷമയോടെ കാത്തിരിക്കയായിരുന്നു.[22]

യേശു വാതിൽക്കൽ നിൽക്കുന്ന പ്രസിദ്ധമായ വിവരണം, "ദ ലൈറ്റ് ഓഫ് ദ വേൾഡ്" എന്ന തലവാചകത്തോടുകൂടെ ഹോൾമാൻ ഹണ്ട് ഒരു ചിത്രമായി വരക്കുകയുണ്ടായി. ആ ചിത്രത്തിൽ, കയ്യിൽ ഒരു വിളക്കുമായി നിൽക്കുന്നു. വാതിൽ വളരെക്കാലമായി അടഞ്ഞുകിടക്കുന്നതിനാൽ അതിന്മേൽ വള്ളികൾ പടർന്നുകിടക്കുന്നു, എങ്കിലും, യേശു ക്ഷമയോടെ തുടർച്ചയായി മുട്ടിക്കൊണ്ടിരിക്കുന്നു. മിസ്റ്റർ ഹണ്ട് തന്റെ രചന പൂർത്തിയാക്കിയപ്പോൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ അതു കണ്ടു. ആ സ്നേഹിതൻ അത് നോക്കിയിട്ടു പറഞ്ഞു, "ചിത്രം പൂർത്തിയായിട്ടില്ലല്ലൊ, വാതിലിനു പുറത്ത് ഒരു സാക്ഷകൂടെ വേണ്ടിയിരുന്നു." അതിന് ഹണ്ട് പറഞ്ഞത്, "ഞാൻ അത് മനപ്പൂർവ്വമായിട്ടാണ് അങ്ങനെ വരച്ചത്, നോക്കു, ആ വാതിൽ മനുഷ്യഹൃദയമാണ് – മനുഷ്യഹൃദയം അകത്തുനിന്നു മാത്രമെ തുറക്കുവാൻ കഴിയു."

**ഫലം (3:21, 22)**

ലവൊദിക്യാസഭ അവരുടെ ആത്മിയ നിഷ്ക്രിയത്വം അതിജീവിച്ചാൽ, അവർക്ക് അത്ഭുതകരമായ അനുഗ്രഹങ്ങൾ വരുവാനിരിക്കുന്നു. "ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു[23] എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ"[24] (വാ. 21). യേശുവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരിക്കുക എന്നാൽ അവനോടുകൂടെ വാഴുക എന്നാണർത്ഥം![25] ആ പട്ടണത്തിലെ പൗരന്മാരാകുക എന്നതാണ് ആദരണിയം എന്നാണ് ലവൊദിക്യയിലുള്ളവർ വിചാരിച്ചത്; എന്നാൽ യേശുവിനോടുകൂടെ അവന്റെ സിംഹാസനത്തിലിരുന്നു വാഴുക എന്നത് എത്രയോ ഉന്നതമായ സ്ഥാനമാണ്!

ഒരിക്കൽകൂടെ, നാം വ്യക്തിപരമായി പ്രായോഗികത വരുത്തുവാനാണ് യേശു പറയുന്നത്: "ആത്മാവ് സഭകളോട് പറയുന്നത്, ചെവിയുള്ളവൻ കേൾക്കട്ടെ" (വാ. 22).

**ഉപസംഹാരം**

ആ ഏഴു എഴുത്തുകളെ കുറിച്ചുള്ള നമ്മുടെ പഠനത്തിന്റെ അവസാനഘട്ടത്തിലെത്തിയപ്പോൾ, 3:20–22 ലെ യേശുവിന്റെ വാക്കുകളാൽ അവസാനിപ്പിക്കുവാനല്ലാതെ മറ്റൊന്നും ഊഹിക്കുവാൻ പോലും കഴിയുന്നില്ല. ലവൊദിക്യക്കുള്ള എഴുത്ത് അവസാനിപ്പിക്കുന്നതിനു മാത്രമല്ല, ആ വാക്കുകൾ എല്ലാ എഴുത്തുകളും അവസാനിപ്പിക്കുന്നതിന് യോജിച്ചതാണ്:

> ഇതാ ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും; ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും, ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ. ആത്മാവ് സഭകളോട് പറയുന്നത് എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

യേശുവിന്റെ ക്ഷണവും വാഗ്ദാനവും ഇടവകകൾക്ക് മൊത്തത്തിലുള്ളതല്ല, മറിച്ച് വ്യക്തിപരമാണ്: "*ആരെങ്കിലും* എന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ അവൻ ... ജയിക്കുന്നവൻ ...". യേശുവിന്റെ കൈകൾ എല്ലാ വ്യക്തികളിലേക്കും നീണ്ടിരിക്കുന്നു.

ഒരിക്കലും അവരുടെ ജീവിതത്തിലേക്ക് പ്രവേശിക്കാത്തവരെയാണ് അവൻ ക്ഷണിക്കുന്നത്. "എല്ലാവരും രക്ഷിക്കപ്പെടുവാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും അവൻ ഇഛിക്കുന്നു" (1 തിമൊഥെയൊസ് 2:4). നിങ്ങൾക്ക് ക്രിസ്തുവിൽ വിശ്വാസം ഉണ്ടെങ്കിൽ, "ക്രിസ്തുവിനോടു ചേരുവാൻ" സ്നാനമേൽക്കുവാനും, "ക്രിസ്തുവിനെ ധരിപ്പാനും" നിങ്ങൾക്ക് കഴിയും (ഗലാത്യർ 3:26, 27). അങ്ങനെ നിങ്ങൾ അവന്റെ ഭാഗമാകുകയും അവൻ നിങ്ങളുടെ ഭാഗമാകുകയും ചെയ്യും!

എങ്ങനെയായാലും, യേശുവിന്റെ ആദ്യത്തേതും ഏറ്റവും മുഖ്യമായതുമായ വെളിപ്പാട് 3:20 ലെ ക്ഷണം, ഉദാസീനനായ ദൈവപൈതലിനാണെന്ന് ന

ാം അത് അറിയാതിരിക്കരുത്. ലവൊദിക്യക്കാരെ പോലെ, ദൈവമക്കളായ നാമും അറിയാതെ തന്നെ ക്രിസ്തുവിനെ പുറത്താക്കി വാതിലടക്കുവാൻ സാധ്യതയുണ്ട്. നിങ്ങളുടെ സ്വന്ത ജീവിതം സമയമെടുത്ത് പരിശോധിക്കുക. നിങ്ങൾ വീണ്ടും ക്രിസ്ത്യാനിത്വത്തിൽ താൽപര്യം കാണിക്കുന്നുണ്ടോ? ക്രിസ്തുവിനോട് അടുത്തു തന്നെയാണോ നിങ്ങൾ കഴിഞ്ഞിരുന്നത്? കഴിഞ്ഞ സമയങ്ങളിൽ, അവന്റെ സാന്നിദ്ധ്യം നിങ്ങൾ കൂടുതൽ അറിഞ്ഞിരുന്നോ? യേശു ഇപ്പോഴും നിങ്ങളുടെ ഹൃദയവാതിലിനു പുറത്തുനിന്നു മുട്ടിക്കൊണ്ടിരിപ്പാൻ സാധ്യതയില്ലേ? കർത്താവ് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാകാം എന്നതാണ് പാഠം. നിങ്ങളുടെ സേവനത്തിൽ, നിങ്ങൾ ശീതോഷ്ണവാനാണെങ്കിൽ, നിങ്ങൾ ഈ ദിവസം തന്നെ മാനസാന്തരപ്പെട്ട് കർത്താവിലേക്ക് തിരിച്ചുവരണമെന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത് (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16; 1 യോഹന്നാൻ 1:9).

യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് വരുത്തുവാൻ നിങ്ങൾക്ക് സഹായം ആവശ്യമെങ്കിൽ, എനിക്ക് നിങ്ങളെ സഹായിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. മരണം ഒരു ഹൃദയമിടിപ്പിനകലെ ആയിരിക്കുന്ന സ്ത്രീപുരുഷന്മാർ ക്രിസ്തുവിനെ ക്ഷണിക്കുവാൻ മടിക്കുന്നതു കാണുമ്പോൾ എനിക്ക് ദുഃഖമുണ്ടാകാറുണ്ട്. തീർച്ചയായും, നിങ്ങൾക്കു വേണ്ടി കർത്താവിനെ അനുസരിക്കുവാൻ എനിക്ക് സാധ്യമല്ല; തീരുമാനം എടുക്കുവാൻ നിങ്ങൾക്ക് മാത്രമെ കഴിയു. ഇനിയും നിങ്ങൾ തീരുമാനം എടുത്തിട്ടില്ലെങ്കിൽ, നിങ്ങൾ എടുക്കണമെന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത് – ഉടനെ – അത് പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് നിങ്ങളുടെ ജീവിതം അവന്നു സമർപ്പിച്ചുകൊണ്ടായിരിക്കണം.

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ലവൊദിക്യയെ കുറിച്ചുള്ള ഈ രണ്ടാമത്തെ പാഠത്തിന് "ഏറ്റവും നല്ല വാഗ്ദാനം" എന്ന പേർ നൽകാവുന്നതാണ്. ലവൊദിക്യക്കുള്ള എഴുത്തിനെ കുറിച്ചുള്ള പാഠങ്ങളിൽ ഉപയോഗിക്കാവുന്ന മറ്റു തലവാചകങ്ങൾ, "രോഗമുള്ള സമൂഹം," "ക്രിസ്തുവിനെ ഗൗരവത്തിൽ കൈക്കൊള്ളുക!" "അടഞ്ഞ വാതിലോടുകൂടിയ സഭ " (ഫിലദെൽഫിയ സഭയിൽനിന്നു വ്യത്യസ്തമായി ഇതിന് ഒരു തുറന്ന വാതിൽ ഉണ്ടായിരുന്നു). ലവൊദിക്യ ഇടവകയെ വാരെൻ വിയേഴസ്ബേ, "മൂഢസഭ " എന്ന് വിളിച്ചുകൊണ്ട്, അവരുടെ വീര്യവും (3:16, 17), അവരുടെ മൂല്യങ്ങളും (3:17, 18), അവരുടെ വീക്ഷണവും (3:18), അവരുടെ വസ്ത്രവും നഷ്ടമായി എന്നു പറയുന്നു (3:17–22).[26]

ഏഴ് സഭകളെ കുറിച്ച് ചിലർ പ്രസംഗിക്കുമ്പോൾ, അവർ "[പ്രാദേശിക സഭയ്ക്കുള്ള] എഴുത്ത്" എന്ന ഒരു പ്രസംഗം കൂടെ ചേർക്കും. അങ്ങനെ ചെയ്യുന്നതിനു പകരം, ഞാൻ സാധാരണ ഒരു ചോദ്യം ചോദിക്കും: "കർത്താവ് ഈ സഭയ്ക്കു ഒരു എഴുത്ത് എഴുതുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതി? അവൻ എന്തു പറയുമെന്ന് ഞാൻ ആശ്ചര്യപ്പെടുന്നു?" ഓരോരുത്തർക്കും ചിന്തിക്കുവാൻ അല്പസമയം കൊടുത്തിട്ട്[27] ഞാൻ പറയും, ആസ്യയിലെ ഏഴ് സഭകളിലേയും ശക്തികളും ബലഹീനതകളും *ഇടകലർന്നാണ്* മിക്ക ഇടവകകളിലും കിടക്കുന്നത് – "ഈ ഇടവകയും അതിൽനിന്നു വിഭിന്നമല്ല." പിന്നെ ഞാൻ പറയും, "ഏറ്റവും മുഖ്യമായ ചോദ്യം, കർത്താവ് *എനിക്ക്*

ഒരു എഴുത്ത് എഴുതുകയാണെങ്കിൽ, അവൻ എന്നോട് എന്തു ചോദിക്കും?" ഓരോരുത്തരും *വ്യക്തിപരമായ* പ്രായോഗികത വരുത്തുവാനാണ് എന്റെ അഭ്യർത്ഥന.[28]

---

കുറിപ്പുകൾ

[1]ആ രംഗം എല്ലാ ഭവനങ്ങളിലും കാണണമെന്നില്ല, പക്ഷെ ചില ഭവനങ്ങളിൽ കാണുകയും ചെയ്യും. ഒരു പോയിന്റ് അതിശയോക്തിപരമായി ഉപയോഗിക്കുകയും, മിക്കപേർക്കും മനസിലാകുകയും ചെയ്തേക്കാം. നിങ്ങളുടെ പ്രദേശത്തിന് യോജിച്ചത് ഉപയോഗിക്കുക. [2]ഞങ്ങളുടെ പ്രദേശത്ത് "കാല് വാരൽ" എന്ന പ്രയോഗമുണ്ട്, അത് മടിയും താമസം വരുത്തിയും പുരോഗതിയെ തടസപ്പെടുത്തലാണ്. നിങ്ങളുടെ പ്രദേശത്ത് പ്രചാരത്തിലിരിക്കുന്ന ഇതേ അർത്ഥമുള്ള പ്രയോഗം നടത്താം. [3]ആ യുദ്ധം ഹോമറുടെ *ലിയാഡ്* ആന്റ് ദ *ഒഡീസി* എന്നതിലേതായിരുന്നു. അതിലെ കണക്കുകളെല്ലാം ഗ്രീക്ക് ഇതിഹാസങ്ങൾ നിറഞ്ഞതാണെങ്കിലും, അത് ബി. സി. പന്ത്രണ്ടാം നൂറ്റാണ്ടിൽ സംഭവിച്ച യഥാർത്ഥ വസ്തുതകളെ ആസ്പദമാക്കിയുള്ളതായിരുന്നു. [4]ഒഡിസ്സസ് എന്ന അയാളുടെ പേരിന്റെ ഗ്രീക്ക് രൂപത്തേക്കാൾ, നമുക്ക് മിക്ക പേർക്കും പരിചയമുള്ളത് ലാറ്റിൻ വാക്കായ ഒഡീസസ് ആണ്. [5]"ഞാൻ ബുദ്ധി പറയുന്നു" എന്നത് അതിശയിപ്പിക്കുന്ന വാക്കുകളാണ്! പ്രപഞ്ചത്തിന്റെ കർത്താവായ, യേശു കൽപിക്കുന്നില്ല, മറിച്ച്, അവരെ ബുദ്ധിയുപദേശിക്കയായിരുന്നു! തീർച്ചയായും, യേശു "ഉപദേശിക്കുമ്പോൾ," നാം നന്നായി ശ്രദ്ധിക്കണം. [6]സകല ആത്മിയ അനുഗ്രഹങ്ങളുടേയും ഉറവിടമാണ് യേശു (എഫെസ്യർ 1:3). [7]ഈ പുസ്തകത്തിൽ ആരംഭത്തിൽ വന്ന "അതിനുണ്ടായിരുന്നതുകൊണ്ടുണ്ടാക്കിയ സഭ, 1" എന്ന പാഠത്തിലെ "നഗ്നൻ" എന്ന വാക്ക് നോക്കുക. [8]1 പത്രൊസ് 1:7 നോക്കുക. [9]മത്തായി 19:21 നോക്കുക. [10]കെജെവിയിൽ "ക്ലീൻ ആന്റ് വൈറ്റ്."

[11]ആത്മിയ അന്ധതയെ കുറിച്ചുള്ള ചർച്ചക്ക് യോഹന്നാൻ 9:39–41 നോക്കുക. [12]റോമർ 4:1–5; എഫെസ്യർ 2:8, 9 ഉം മറ്റു വേദഭാഗങ്ങളും നോക്കുക. [13]ആ കൽപന വർത്തമാന കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അതു തടർപ്രവൃത്തിയെ സൂചിപ്പിക്കുന്നു. ഭാവിയിലും അവർ കഴിഞ്ഞകാലത്ത് *തുടർച്ചയായി* ശീതോഷ്ണവാന്മാരായിരുന്നതുപോലെ, *തുടർച്ചയായി* എരിവുള്ളവരായിരിക്കുവാൻ കർത്താവ് ആഗ്രഹിച്ചിരുന്നു. [14]"മാനസാന്തരപ്പെടുക" എന്നത് അയോറിസ്റ്റ് ടെൻസിലാണ്, സൂചിപ്പിക്കുന്നത് ഏക-കാല തീരുമാന, പ്രവൃത്തിയായിട്ടാണ്. [15]ഊഷ്മളമായ "സ്നേഹം" എന്നതിനുള്ള ഗ്രീക്ക് വാക്ക് (ഫിലിയ) ആണ് ഇവിടെ. [16]ഈ വേദഭാഗത്ത് പുതിയ നിയമത്തിലെ കൂടുതൽ സാധാരണയായി "സ്നേഹം" എന്നതിനുള്ള (അഗാപെ) എന്നാണ് ഉള്ളത്. എന്നാൽ അടിസ്ഥാനപരമായ അർത്ഥം വെളിപ്പാട് 3:19 ലേതു തന്നെയാണ്. [17]സദൃശവാക്യങ്ങൾ 3:12 ഉം സങ്കീർത്തനങ്ങൾ 119:75 ഉം ആയിരിക്കാം ഇവിടെ ഉദ്ധരിച്ചത്. [18]വർത്തമാനകാലം ഉപയോഗിച്ചിരിക്കുന്നു; യേശു തുടർച്ചയായി മുട്ടിക്കൊണ്ടിരിക്കുന്നു (മുട്ടൽ, ക്ഷണം എന്നീ അലങ്കാരപ്രയോഗങ്ങൾ "എന്റെ ശബ്ദം കേൾക്കുക" എന്നർത്ഥമാക്കുന്നു) യേശവിനെ നാം നമ്മുടെ ഹൃദയങ്ങളിലേക്കും ജീവിതങ്ങളിലേക്കും ക്ഷണിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. യേശു എങ്ങനെയാണ് മുട്ടുന്നതും, ക്ഷണിക്കുന്നതെന്നും ഒരു കേൾവിക്കാരൻ അറിയുന്നു എങ്കിൽ, അതു പ്രയോജനപ്രദമാണ്. "അവൻ 'മുട്ടുന്നത്' സാഹചര്യങ്ങളിൽ കൂടെയും ക്ഷണിക്കുന്നത് വചനത്തിൽ കൂടെയുമാണ്" (വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ. Ill.: വിക്ടർ ബുക്സ്,

1989, 581). [19]യോഹന്നാൻ 14:23 നോക്കുക. [20]"അത്താഴം" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്കിന്റെ രൂപം അർത്ഥമാക്കുന്നത്, പകൽ കഴിക്കുന്ന മുഖ്യമായ ഭക്ഷണത്തെയാണ്, അല്ലാതെ ഇടക്ക് പെട്ടെന്ന് കഴിക്കുന്ന ലഘുഭക്ഷണമല്ല.

[21]"സ്വർഗീയ വിരുന്ന്" എന്ന അർത്ഥവും അന്തർലീനമായിരിക്കാം. (ലൂക്കൊസ് 22:30; വെളിപ്പാട് 19:9 നോക്കുക.) [22]അവന്റെ വിളിയെ അവർ അവഗണിച്ചാൽ, ന്യായവിധിയാണ് വരുന്നത്. യാക്കൊബ് 5:9 നോക്കുക. അവിടെ യേശു വാതിൽക്കൽ നിൽക്കുന്ന *ന്യായാധിപനാണ്*. [23]താൻ അനുഭവിക്കാത്തതൊന്നും അവർ അനുഭവിക്കേണ്ടിവരികയില്ല എന്ന് യേശു ഒരിക്കൽകൂടെ ഊന്നി പറയുന്നുണ്ട്. അവൻ മരണത്തെ നേരിട്ടു - ജയിക്കയും ചെയ്തു. "നിങ്ങൾക്ക് ക്രൂശ് വഹിക്കാൻ സാധ്യമല്ലെങ്കിൽ, കിരീടം ധരിപ്പാനും ലഭിക്കയില്ല" എന്ന ഒരു ഗാനശകലമുണ്ട്. [24]യേശു ക്രൂശിനെ ഉയർപ്പിനാൽ അതിജീവിച്ചു. അവൻ പിന്നെ സ്വർഗത്തിലേക്ക് തിരിച്ചുപോയി പിതാവിന്റെ വലത്തുഭാഗത്തിരുന്നു (പ്രവൃത്തികൾ 2:30-36). [25]ക്രിസ്ത്യാനികൾ യേശുവിനോടുകൂടെ വാഴും എന്നത് വെളിപ്പാട് പുസ്തകത്തിലെ വലിയ സത്യമാണ്. രാജകീയ കുടുംബത്തിന്റെ ഭാഗമായി നാം ഇപ്പോൾ അവനോടുകൂടെ വാഴുകയാണ് (1:6; 5:10; റോമർ 8:17; എഫെസ്യർ 2:6 നോക്കുക). മരണത്തോളം വിശ്വസ്തരായിരിക്കുന്നവരാണ് അവനോടുകൂടെ "എന്നേക്കും" വാഴുന്നത് (22:5; 2 തിമൊഥെയൊസ് 2:12 നോക്കുക). [26]വിയേഴ്സ്ബേ, 579-81. [27]ക്ലാസാണെങ്കിൽ, ചോദ്യങ്ങളോട് പ്രതികരിക്കുവാൻ വിദ്യാർത്ഥികളെ അനുവദിക്കുക. [28]*വ്യക്തിപരമായ* തെറ്റുകളേക്കാളും മിക്കപേരും ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നത് *ഇടവകയുടെ* തെറ്റുകളായിരിക്കും.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. കർത്താവിന്റെ സഭയുടെ ഇടവകകൾക്കെല്ലാം എപ്പോഴും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ? എന്തുകൊണ്ട്? അതിനർത്ഥം നാം സഭയെ സ്നേഹിക്കരുത് എന്നാണോ?
2. 3:18-ൽ യേശു പറഞ്ഞ "തീയിൽ ഊതിക്കഴിച്ച പൊന്ന്" എന്താണ്?
3. "വെള്ളയുടുപ്പ്" എന്താണ്?
4. "ലേപനം" എന്നാലെന്ത്?
5. ആ ആത്മിയ വസ്തുക്കൾ നാം "വാങ്ങുന്നത്" ഏതർത്ഥത്തിലാണ്?
6. 3:19 അനുസരിച്ച് യേശു സഭയെ കഠിനമായി ശാസിക്കുന്നതെന്തിന്?
7. "ആത്മാവിനെ അപകടപ്പെടുത്തുന്ന തെറ്റ് കണ്ടിട്ട് മിണ്ടാതിരിക്കുന്നത് അയാളെ സ്നേഹിക്കുന്നതല്ല, സ്നേഹക്കുറവാണ് സൂചിപ്പിക്കുന്നത്" എന്നതിനോട് നിങ്ങൾ യോജിക്കുന്നുവോ, ഇല്ലയോ?
8. 3:20-ൽ പറഞ്ഞ "വാതിൽ" എന്താണ്?
9. ഒരാളുടെ ഹൃദയത്തിൽനിന്നും ജീവിതത്തിൽനിന്നും യേശുവിനെ പുറത്താക്കുവാൻ കഴിയുമോ? ലവൊദിക്യക്കാർ ശീതോഷ്ണ വാന്മാ രായിട്ടാണ് അങ്ങനെ ചെയ്തത്. ജീവിതത്തിൽനിന്ന് മറ്റേതെല്ലാം വഴി യിൽകൂടെയാണ് യേശുവിനെ പുറത്താക്കുവാൻ കഴിയുന്നത്?
10. നാം യേശുവിനെ പുറത്താക്കിയതായി തിരിച്ചറിഞ്ഞാൽ, എങ്ങനെ അവനെ വീണ്ടും അകത്തു പ്രവേശിപ്പിക്കാം?
11. ജയിക്കുന്നവർക്ക് 3:21-ൽ യേശു എന്താണ് വാഗ്ദാനം ചെയ്തത്?